# പതിനാലാം കേരള നിയമസഭ
## പതിനഞ്ചാം സമ്മേളനം

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. * 488 01.07.2019- ൽ മറുപടിക്ക്**

## കൈത്തറി വികസനത്തിനുള്ള കേന്ദ്ര സഹായം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.സി.എഫ്.തോമസ്<br>ശ്രീ.റോഷി അഗസ്റ്റിൻ<br>ശ്രീ.മോൻസ് ജോസഫ്<br>ഡോ.എൻ.ജയരാജ് | ശ്രീ.ഇ.പി.ജയരാജൻ<br>(വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പ് മന്ത്രി) |
| (എ) കൈത്തറി മേഖലയുടെ വികസനത്തിനായി കേന്ദ്ര സർക്കാരിൽ നിന്നും സംസ്ഥാനത്തിന് ലഭിക്കേണ്ട കോടിക്കണക്കിന് രൂപയുടെ ധനസഹായം അനാസ്ഥ മൂലം നഷ്ടമാകുന്നുവെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് സംബന്ധിച്ച് വിശദീകരണം നൽകാമോ; | (എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (ബി) കടം തിരിച്ചടയ്ക്കാൻ നിർവ്വാഹമില്ലാത്ത നെയ്ത്തുകാരുടെയും സംഘടനകളുടെയും ദുരിതം അവസാനിപ്പിക്കാൻ കേന്ദ്ര സർക്കാർ ഏതെങ്കിലും പദ്ധതി ആരംഭിച്ചിരുന്നോ; ഈ പദ്ധതി സംസ്ഥാനത്ത് നടപ്പാക്കിയിട്ടുണ്ടോ; ഉണ്ടെങ്കിൽ അർഹരായ ആളുകൾക്ക് പദ്ധതിയുടെ പ്രയോജനം ലഭിച്ചിട്ടുണ്ടോ എന്നറിയിക്കാമോ; | (ബി) ഉണ്ട്. കൈത്തറി വ്യവസായത്തിന്റെ പുനരുദ്ധാരണത്തിനായി 28.02.2011 ൽ കേന്ദ്ര സർക്കാർ റിവൈവൽ, റിഫോം & റിസ്ട്രക്ചറിംഗ് പാക്കേജ് പ്രഖ്യാപിച്ചിരുന്നു. കടം തിരിച്ചടയ്ക്കുവാൻ നിർവാഹമില്ലാത്ത കൈത്തറി നെയ്ത്തുകാരുടെയും സംഘങ്ങളുടെയും ദുരിതം അവസാനിപ്പിക്കുക എന്ന ലക്ഷ്യത്തോടെ കേന്ദ്ര-സംസ്ഥാന സർക്കാരുകൾ സംയുക്തമായി പ്രസ്തുത പദ്ധതി സംസ്ഥാനത്ത് നടപ്പാക്കിയിട്ടുണ്ട്. രണ്ട് ഘട്ടങ്ങളിലായി നടപ്പിലാക്കിയ ഈ പദ്ധതിയുടെ ഒന്നാം ഘട്ടത്തിൽ 124 പ്രാഥമിക കൈത്തറി നെയ്ത്ത് സഹകരണ സംഘങ്ങൾക്കും 1199 വ്യക്തിഗത നെയ്ത്തുകാർക്കും കൂടി 1323 പേർക്കും, രണ്ടാം ഘട്ടത്തിൽ ഹാന്റക്സിനും 233 പ്രാഥമിക കൈത്തറി നെയ്ത്തു |

സഹകരണ സംഘങ്ങൾക്കും 5 വ്യക്തിഗത നെയ്ത്തുകാർക്കും കൂടി 239 പേർക്കും ആനുകൂല്യങ്ങൾ നൽകിയിട്ടുണ്ട്.

| | |
|---|---|
| (സി) ഹാൻഡ് ലൂം ആൻറ് ടെക്സ്റ്റൈൽസ് ഡയറക്ടർ പദ്ധതി നിർവ്വഹണ സർട്ടിഫിക്കറ്റ് സമർപ്പിക്കാൻ വൈകിയതിന്റെ കാരണം വ്യക്തമാക്കാമോ; | (സി) 2015-16 വർഷത്തെ നാഷണൽ ഹാന്റ് ലൂം എക്സ്പോയുടെ വിനിയോഗ സാക്ഷ്യപത്രം സമർപ്പിക്കുവാൻ പദ്ധതി നിർവ്വഹണ ഏജൻസിയായ ഹാൻവീവ് കാലതാമസം വരുത്തിയതിനാലാണ് പദ്ധതി നിർവ്വഹണ സർട്ടിഫിക്കറ്റ് സമർപ്പിക്കാൻ വൈകിയതെന്ന് കൈത്തറി ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.<br><br>പ്രസ്തുത വിനിയോഗ സർട്ടിഫിക്കറ്റ് 22.06.2018 ൽ സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. |
| (ഡി) കൈത്തറി കയറ്റുമതി പ്രോത്സാഹന പദ്ധതിയെക്കുറിച്ച് ഹാൻഡ് ലൂം ആൻറ് ടെക്സ്റ്റൈൽസ് ഡയറക്ടർ യഥാസമയം അറിയിപ്പ് നൽകാത്തതുമൂലം സംസ്ഥാനത്തിന് കേന്ദ്രസഹായം ലഭ്യമാകാത്ത സാഹചര്യം ഉണ്ടായിട്ടുണ്ടോ എന്ന് അറിയിക്കാമോ? | (ഡി) പ്രസ്തുത സാഹചര്യം ഉണ്ടായിട്ടില്ല. കൈത്തറി മേഖലയിൽ കൈത്തറി ക്ലസ്റ്റർ രൂപീകരിക്കുന്നതിനും പ്രവർത്തനങ്ങൾ നടത്തുന്നതിനും കേന്ദ്ര സഹായം ലഭിച്ചു കൊണ്ടിരിക്കുന്നുണ്ട്. |

സെക്ഷൻ ഓഫീസർ